**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **02-02-2024 - ൽ മറുപടിയ്ക്ക്**

**പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ ആക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് ഇതുവരെ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര തുകയാണ് സ്മാർട്ട് കൃഷിഭവന് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ കൃഷി ഭവൻ വീതം സ്മാർട്ട് കൃഷി ഭവനാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 140 നിയോജക മണ്ഡലങ്ങളിലെയും ജനപ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മൂന്ന് കാറ്റഗറികളായി തയ്യാറാക്കിയ സ്മാർട്ട് കൃഷി ഭവനുകളാക്കേണ്ട കൃഷി ഭവനുകളുടെ പട്ടികയിൽ (B) കാറ്റഗറിയിൽ പുല്ലമ്പാറ കൃഷിഭവൻ ഉൾപ്പെട്ടിരുന്നു. മേൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന കൃഷിഭവനുകൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഘട്ടംഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനാണ് സർക്കാർ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ഓരോ സ്മാർട്ട് കൃഷിഭവനിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കാമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഫ്രണ്ട് ഓഫീസ് സൗകര്യം, വിള ആരോഗ്യ കേന്ദ്രം, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ സ്മാർട്ട് കൃഷി ഭവനിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ